**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 589** **23-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യക്കുഞ്ഞുങ്ങളെ പുഴയിൽ നിക്ഷേപിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 4 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ വീതം പുഴയിൽ നിക്ഷേപിക്കുന്ന പദ്ധതിയനുസരിച്ച് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത് പൊതു കുളങ്ങളിലോ പൊതുജലാശയങ്ങളിലോ ആണെങ്കിൽ മത്സ്യ സമ്പത്ത് തിരികെ കിട്ടാൻ സാധ്യത കൂടുതൽ ഉണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പദ്ധതികൾ തെരഞ്ഞെടുക്കുമ്പോൾ നദികൾക്ക് പകരം പൊതുകുളങ്ങളോ പൊതു ജലാശയങ്ങളോ തെരഞ്ഞെടുക്കാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ഉണ്ട്. 4 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ വീതം പുഴയിൽ നിക്ഷേപിക്കുന്ന പദ്ധതിയനുസരിച്ച് മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത് പൊതു കുളങ്ങളിലോ പൊതുജലാശയങ്ങളിലോ ആണെങ്കിൽ മത്സ്യ സമ്പത്ത് തിരികെ കിട്ടാൻ സാധ്യത കൂടുതൽ ഉണ്ട്. അതുകൊണ്ട് തന്നെ സംസ്ഥാനത്തെ മുഴുവൻ പൊതുകുളങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം 1367.88 ഹെക്ടർ വിസ്തൃതിയിൽ 8165 എണ്ണം പൊതുകുളങ്ങളിൽ 68.39 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് കഴിഞ്ഞു. ഇതിനു പുറമേ ഈ സാമ്പത്തിക വർഷം പുതുതായി 210 ഹെക്ടർ വിസ്തൃതിയിൽ പൊതുകുളങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന പൊതുകുളങ്ങളിൽ അനുയോജ്യമായിടത്തെല്ലാം അടുത്ത സാമ്പത്തിക വർഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതായിരിക്കും. എന്നാൽ പുഴയെ ആശ്രയിച്ച് മത്സ്യബന്ധനം നടത്തി ഉപജീവനം കണ്ടെത്തുന്ന മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും പുഴകളിലെ മത്സ്യസമ്പത്തിന്റെ വർദ്ധനവും ലക്ഷ്യമിട്ടാണ് പുഴകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ